പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2842 **28-10-2026-ൽ മറുപടിയ്ക്ക്**

മിനി ഹാർബറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. വി. ഇബ്രാഹിം ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് പുതിയ മിനി ഹാർബർ സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

മറുപടി: സംസ്ഥാനത്ത് മലപ്പുറം ജില്ലയിലെ ആനങ്ങാടി മിനി ഹാർബർ, കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി മിനി ഹാർബർ എന്നിവ സ്ഥാപിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പഠനങ്ങൾ നടന്നുവന്നിരുന്നു. എന്നാൽ 04.01.2022-ലെ PMMSY പദ്ധതികൾ സംബന്ധിച്ച അവലോകനയോഗത്തിൽ പുതിയ ഹാർബർ നിർമാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളൊന്നും നടത്തേണ്ടതില്ല എന്നും നിലവിൽ നടന്നുവരുന്ന ഇൻവെസ്റ്റിഗേഷനുകളും നിർത്തിവയ്ക്കുവാനും നിർദേശം ലഭിച്ചിരുന്നു. ആയതിനാൽ പുതിയ മിനി ഹാർബർ നിർമാണം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) സംസ്ഥാനത്ത് നിലവിലുള്ള മിനി ഹാർബറുകൾ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിൽ മിനി ഫിഷിംഗ് ഹാർബറുകളൊന്നും നിലവിലില്ല.

(സി) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ സാധ്യത പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ച മിനി ഹാർബറിന്റെ നിലവിലെ സ്ഥിതി എന്താണ്; പ്രസ്തുത മിനി ഹാർബർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

മറുപടി: മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ ആനങ്ങാടി പ്രദേശം പരപ്പനങ്ങാടി ഹാർബറിൽ നിന്ന് 5 കിലോമീറ്ററും, ബേപ്പൂർ ഹാർബറിൽ നിന്ന് 6 കിലോമീറ്ററും, കടലുണ്ടി പുഴയിൽ നിന്ന് 2 കിലോമീറ്ററും മാത്രമാണ് അകലം. കടൽക്ഷോഭവും അനുയോജ്യമായ തീരമില്ലാത്തതും കാരണം ഇവിടെ നിലവിൽ ബീച്ച് ലാൻഡിംഗ് മാത്രമാണ് നടക്കുന്നത്. കടൽ തീരം കൃതിമമായി (ഗ്രോയിൻ പോലുള്ള നിർമ്മിതികൾ കൊണ്ട്) സൃഷ്ടിച്ചെടുക്കുകയാണെങ്കിൽ വർഷത്തിൽ കുറച്ച് മാസങ്ങൾ മത്സ്യം കരക്കടുപ്പിക്കാൻ സാധിക്കും. അതിനാൽ ഗ്രോയിൻ നിർമ്മിച്ച് തീരം സൃഷ്ടിച്ച് വള്ളങ്ങൾ കരയ്ക്കടുപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതിന് ജലവിഭവ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് പുതിയ മിനി ഹാർബറുകളുടെ സാധ്യതാ പഠനത്തിന് വിദഗ്ധ സമിതിയെ നിയോഗിക്കുമോ; വിശദമാക്കുമോ?

<u>മറുപടി:</u> 04.01.2022-ലെ PMMSY പദ്ധതികൾ സംബന്ധിച്ച അവലോകനയോഗത്തിൽ പുതിയ ഹാർബർ നിർമാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളൊന്നും നടത്തേണ്ടതില്ല എന്നും നിലവിൽ നടന്നുവരുന്ന ഇൻവെസ്റ്റിഗേഷനുകളും നിർത്തിവയ്ക്കുവാനും നിർദേശം ലഭിച്ചിരുന്നു. ആയതനുസരിച്ച് പുതിയ ഹാർബറുകൾക്കായുള്ള സാധ്യതാ പഠനം ഒന്നും സംസ്ഥാനത്ത് നിലവിൽ ഏർപ്പാടാക്കുന്നില്ല.

സെക്ഷൻ ഓഫീസർ